LIBRARY ARCHIVES Kerala Legislative Assembly

## പട്ടികജാതി വിഭാഗങ്ങൾക്കായി സാമൂഹ്യക്ഷേമ പദ്ധതികൾ

30 (857) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങൾക്കായി പുതുതായി നടപ്പിലാക്കിയ സാമൂഹ്യ ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ചതും, നടപ്പിലാക്കിയതുമായ പദ്ധതികൾ എന്തൊക്കെയായിരുന്നു;

(സി) 2016-17-ലും 2017-18-ലും ഈ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി ലഭിച്ച തുകയെത്രയെന്നും, അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങൾ ക്കായി പുതുതായി നടപ്പിലാക്കിയ സാമൂഹ്യ ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7000-ത്തോളം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടുകൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള പഠനമുറി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷുറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധി നടപ്പിലാക്കിവരുന്നു.

3. M.Sc. Electronics, B.Arch., M.Phil., Ph.D. എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്കൂടി ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

4. പട്ടികജാതി വകുപ്പിന്കീഴിലുള്ള 44 ഐ.റ്റി.ഐ.-കളിലെ വിദ്യാർത്ഥി കൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി രാവിലെ ഒരു മുട്ടയും ഒരു ഗ്ലാസ് പാലും നൽകുന്നതിനുള്ള പദ്ധതിയും ഉച്ചഭക്ഷണം നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
6. 5 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കുകൂടി പ്രീ-മെട്രിക് എയ്ഡ് അനുവദിച്ചു.

(ബി) മുൻസർക്കാരിന്റെ കാലത്ത് ഈ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ചതും, ഇപ്പോഴും തുടരുന്നതും നടപ്പിലാക്കിയതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കോളനി വികസനത്തിന് ഗാന്ധിഗ്രാമം/സ്വയംപര്യാപ്ത ഗ്രാമം പദ്ധതികൾ
2. കാവ്, കുളങ്ങൾ ഇവയുടെ സംരക്ഷണത്തിനുള്ള പദ്ധതി
3. ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. വിദേശ തൊഴിൽ ധനസഹായ പദ്ധതി
5. വിജ്ഞാൻവാടികൾ
6. വിഷൻ 2013
7. സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ 64.72 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 108.81 കോടി രൂപയും കേന്ദ്ര ധനസഹായമായി ലഭിച്ചു. 2016-17 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാനം ആകെ 312.06 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 332.07 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്കായുള്ള ചികിത്സാ സഹായം**

31 (858) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്കായുള്ള വകുപ്പുമന്ത്രിയുടെ ചികിത്സാധനസഹായത്തിന് ഓൺലൈനായി അപേക്ഷിക്കുമ്പോൾ എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര പേർക്ക് എത്ര തുക ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly